കൃത്യം നിരപായമായി നിർവഹിക്കുന്നതിനുതന്നെ ഗുണ്ടകളുടെ സഹായം അനുപേക്ഷണീയമെന്ന് പോലീസുകാർക്കറിയാം. ഇനി ചില പോലീസുകാർ ഗുണ്ടകൾക്കെതിരായാൽത്തന്നെ പോലീസുകാർക്ക് ഉപരി രാഷ്ട്രീയക്കാരുടെ സംരക്ഷണം ഗുണ്ടകൾ നേടിയെടുക്കുന്നു. തിരഞ്ഞെടുപ്പുകളിൽ കള്ളവോട്ടുകൾ ചെയ്യിക്കാനും ബൂത്തുകൾ പിടിച്ചെടുക്കാനും എതിർ സ്ഥാനാർത്ഥികളെയും അവരുടെ വോട്ടർമാരെയും ഭീഷണിപ്പെടുത്താനും രാഷ്ട്രീയക്കാർ—ചിലരെങ്കിലും—ഗുണ്ടകളെ ഉപയോഗപ്പെടുത്തുന്നു. സ്വന്തം പാർട്ടിയെ തുണയ്ക്കുന്ന ഗുണ്ടകളെ ഇവർ 'മിലിട്ടൻറ്'' എന്നു വിശേഷിപ്പിക്കുന്നു. മററു പാർട്ടികളിലാവുമ്പോൾ ഈ 'മിലിട്ടൻറുകൾ'തന്നെ ഗുണ്ടകളായിത്തീരുന്നു. രാഷ്ട്രീയക്കാരെന്നപോലെ വൻകിട കൺട്രാക്ടർമാർ, മുതലാളിമാർ മുതലായവരും പലപ്പോഴും സ്വന്തം ഗുണ്ടാസംഘങ്ങളെ പുലർത്തുന്നു.

ജനാധിപത്യജീവിതത്തിന്റെ ഈ അധഃപതനത്തിനെതിരെ നാം ശക്തിയായി പ്രതികരിക്കേണ്ടിയിരിക്കുന്നു. ഗുണ്ടകളെ പത്രങ്ങൾ മഹത്വപ്പെടുത്താതിരിക്കുക, അവരെ ഗുണ്ടകളായിത്തന്നെ ചിത്രീകരിക്കുക. അവർക്കെതിരെ പൊതുജനാഭിപ്രായം ശക്തിപ്പെടുത്തുക. ഗുണ്ടകൾക്ക് അഭയം നൽകുകയും അവരെ തല്ക്കാലത്തെ നിസ്സാര താല്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയുംചെയ്യുന്ന രാഷ്ട്രീയപ്പാർട്ടികളോട് എല്ലാവരും നിസ്സഹകരിക്കുക. നാം നെഞ്ചേററി ലാളിക്കുന്ന ഒരു മൂല്യവും ഗുണ്ടാരാജിനു കീഴിൽ പുലരുകയില്ലെന്നു വ്യക്തമായി മനസ്സിലാക്കുക.

13 ജനുവരി, 1989

# 23. ബോഡോലാൻഡ്

അസം സംസ്ഥാനത്തിന്റെ താഴ്‌വരപ്രദേശങ്ങളിൽ, ബ്രഹ്മപുത്രനദിക്കു വടക്ക് ഗോത്രവർഗക്കാർക്കു ബഹുഭൂരിപക്ഷമുള്ള ഏതാനും ജില്ലകൾ 'ബോഡോലാൻഡ്'' എന്ന പേരിൽ ഒരു പ്രത്യേക സംസ്ഥാനമായി വേർതിരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അഖില–ബോഡോ വിദ്യാർത്ഥി യൂണിയൻ (എ. ബി. എസ്. യു.) നടത്തിവരുന്ന അക്രമാസക്തമായ സമരം 1989 ഏപ്രിൽ 20–ാം തീയതി പാർലമെന്റിൽ ചർച്ചാവിഷയമായി. അക്രമങ്ങൾ വ്യാപകമാവുകയും ഉത്തര–പൂർവ പ്രദേശത്ത് അത്യാവശ്യ വസ്തുക്കൾ എത്തിക്കുക പ്രയാസമായിത്തീരുകയുംചെയ്തതിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റ് നാല്പത്തൊമ്പതു കമ്പനി പട്ടാളത്തെ സമാധാനപാലനത്തിന് അസമിലേക്ക് അയച്ചിട്ടുണ്ട്. ബോഡോകളുടെ സമരത്തെ ഒരു ക്രമസമാധാനപ്രശ്നമായി കാണരുതെന്നും സ്വന്തം സംസ്ഥാനത്തിൽ രണ്ടാംകിട പൗരന്മാർ എന്ന സ്ഥാനമേ തങ്ങൾക്കുള്ളു എന്ന ബോഡോകളുടെ ആവലാതി പരിഹരിക്കുന്നതിന് അസം ഗവൺമെന്റ് അവരുമായി രാഷ്ട്രീയതലത്തിൽ കൂടിയാലോചന നടത്തണമെന്നും കേന്ദ്ര ആഭ്യന്തരവകുപ്പിലെ സ്റ്റേററ് മന്ത്രിയായ സന്തോഷ് മോഹൻദേവ് പാർലമെന്റിൽ പ്രസ്താവിച്ചു. അസം സംസ്ഥാനത്തെ ഇനിയും വിഭജിക്കുന്നതിന് കേന്ദ്രഗവൺമെന്റ് എതിരാണെന്ന് ശ്രീ ദേവ് ഉറപ്പിച്ചുപറഞ്ഞു. നാഗാലാൻഡ് (1963), മേഘാലയ (1972), ത്രിപുര (1972), മിസോറം (1986), അരുണാചൽപ്രദേശ് (1986) എന്നീ സംസ്ഥാനങ്ങൾ അസമിന്റെ ഭാഗങ്ങളായിരുന്നു എന്ന വസ്തുത ഈ സന്ദർഭത്തിൽ ഓർമിക്കേണ്ടതാണ്.

ആരാണ് ബോഡോകൾ? എന്തുകൊണ്ടാണ് അവർ തങ്ങൾക്കൊരു വ്യത്യസ്ത സംസ്ഥാനം വേണമെന്ന് ആവശ്യപ്പെടുന്നത്?

മംഗോളിയ, തിബത്ത്, സൈബീരിയ എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മദ്ധ്യേഷ്യയിൽനിന്നു വലിയൊരു ജനവിഭാഗം ഏതാണ്ട് ഏഴായിരം വർഷങ്ങൾക്കുമുമ്പ് തെക്കോട്ടു നീങ്ങി ഹിമാലയം കയറിക്കടന്ന് ഇപ്പോൾ നാം 'അരുണാചൽപ്രദേശ്' എന്നു വിളിക്കുന്ന സ്ഥലത്തു കുടിയേറിപ്പാർത്തു. ക്രമേണ ഇവർ കുറേക്കൂടി തെക്കോട്ടു കടക്കുകയും ബ്രഹ്മപുത്രയുടെ താഴ്‌വരയിലാകെ പരക്കുകയുംചെയ്തു. തിബത്ത്–മംഗോൾ വർഗത്തിൽപ്പെട്ട ഇവരെ പൊതുവിൽ 'ബോഡോകൾ' എന്നു വിളിക്കുന്നു. മേച്, ഡിമാസ, കച്ചാരി, രാഭ, സോനോവാൽ, ലാലുങ്, സാരണിയ മുതലായ പല പേരുകളിൽ വടക്കെ ബംഗാളിലും അസമിന്റെ വ്യത്യസ്ത ഭാഗങ്ങളിലും അറിയപ്പെടുന്ന ഗോത്രവർഗക്കാരെല്ലാം ബോഡോകൾതന്നെ.

ഒരു കാലത്ത് ബോഡോകൾ വളരെ പ്രബലരായിരുന്നു. അസമിന്റെ പല ഭാഗങ്ങളും അവർ ഭരിച്ചിരുന്നു. ക്രിസ്തുവർഷം 1228–ൽ തായ്‌ലാൻഡിൽനിന്ന് ഈ പ്രദേശത്തു കുടിയേറിപ്പാർത്ത 'അഹോം' വർഗക്കാരുമായി നടന്ന നിരന്തര സമരത്തിൻഫലമായി ക്രിസ്തുവർഷം 1854-ൽ ബോഡോകളുടേതായിരുന്ന കച്ചാരി രാജവാഴ്ച, അവസാനിച്ചു. എങ്കിലും അസം, മേഘാലയ, ത്രിപുര, നാഗാലാൻഡ്, അരുണാചൽപ്രദേശ്, പടിഞ്ഞാറെ ബംഗാൾ, ബംഗ്ലാദേശ്, നേപ്പാൾ എന്നീ പ്രദേശങ്ങളിൽ ബോഡോകളെ ഇപ്പോഴും ധാരാളമായി കാണാം. ബ്രഹ്മപുത്രനദിയുടെ വടക്കെ താഴ്‌വരയിൽ ഭൂട്ടാനിലെയും അരുണാചൽപ്രദേശിലെയും കുന്നുകളിലാണ് ഇവർ കൂട്ടമായി പാർക്കുന്നത്.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ചില ബോഡോകൾ പങ്കെടുത്തിരുന്നു. എങ്കിലും ഫെഡറൽ അടിസ്ഥാനത്തിൽ അസം സംസ്ഥാനത്തെ പുനസ്സംഘടിപ്പിക്കുമെന്ന് 1967 ജനുവരി 13–ാം തീയതി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രഖ്യാപിക്കുംവരെ തങ്ങൾക്കു ഭൂരിപക്ഷമുള്ള ഒരു സംസ്ഥാനം രൂപവൽക്കരിക്കണമെന്ന ആഗ്രഹം ബോഡോകൾക്ക് ഉണ്ടായിരുന്നില്ല. ഭൂരിപക്ഷത്തിന്റെ ഭാഷയായ അസമിയ അസം സംസ്ഥാനത്തിൽ ഭരണഭാഷയായി നടപ്പിൽ വരുത്തുന്നതിനെതിരെ ഒരു പ്രസ്ഥാനം ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ ഏതാനും ബോഡോ വിദ്യാർത്ഥികൾ ആരംഭിച്ചിരുന്നു. ഇന്ദിരാഗാന്ധിയുടെ പ്രഖ്യാപനത്തിൽ ഒരു വ്യത്യസ്ത ബോഡോ സംസ്ഥാനത്തിന്റെ സാദ്ധ്യത അടങ്ങിയിരിക്കുന്നതായി ഇവർ കണ്ടു. അസമിലെ പല ജില്ലകളിലുള്ള ബോഡോ വിദ്യാർത്ഥിസംഘടനകളെ ഏകീകരിച്ച് 'അഖില ബോഡോ വിദ്യാർത്ഥി യൂണിയൻ' (എ. ബി. എസ്. യു.) കൊക്രഝാർ പട്ടണത്തിൽ 1967 ഫെബ്രുവരി 15–ാം തീയതി സ്ഥാപിക്കപ്പെട്ടത് ഈ പശ്ചാത്തലത്തിലാണ്. ഈ വിദ്യാർത്ഥിസംഘടനയുടെ പ്രവർത്തനങ്ങളുടെ ഫലമായി 'പ്ലെയിൻസ് ട്രൈബൽ കൗൺസിൽ ഓഫ് അസം' (പി. ടി. സി. എ.) എന്ന രാഷ്ട്രീയ സംഘടന കൊക്രഝാറിൽ 1967 ഫെബ്രുവരി 27–ാം തീയതി സ്ഥാപിക്കപ്പെട്ടു. ഈ സംഘടന 1967 മെയ് 20–ാം തീയതി രാഷ്ട്രപതി സക്കീർ ഹുസൈനു സമർപ്പിച്ച നിവേദനത്തിൽ അസമിലെ താഴ്‌വരപ്രദേശങ്ങളിൽ പാർക്കുന്ന ഗോത്രവർഗക്കാർക്കുവേണ്ടി ഒരു സ്വയംശാസിതപ്രദേശം (ആട്ടോണമസ് റീജിയൻ) സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു. ഈ പ്രദേശത്തെ അസമിൽനിന്നു വേർപെടുത്തി 'ഉദയാചൽ' എന്ന പേരിൽ ഒരു കേന്ദ്രഭരണ പ്രദേശമാക്കണമെന്ന് 1973 മുതൽ പി. ടി. സി. എ. വാദിച്ചുതുടങ്ങി. നാഗന്മാർക്കായി നാഗാലാൻഡും മിസോകൾക്കായി മിസോറമും ഗാരോകൾക്കും ഖാസികൾക്കും വേണ്ടി മേഘാലയവും വ്യത്യസ്ത സംസ്ഥാനങ്ങളാക്കാമെങ്കിൽ ബോഡോകൾക്കു വേണ്ടി 'ഉദയാചൽ' എന്ന ഒരു കേന്ദ്രഭരണപ്രദേശം എന്തുകൊണ്ട് ഉണ്ടാക്കിക്കൂടാ?

അസമിയ ഭാഷയുടെ ലിപിയായിരുന്നു ബോഡോഭാഷയ്ക്ക് ഉപയോഗിച്ചിരുന്നത്. ഇതു മാറ്റി ബോഡോഭാഷ റോമൻ (ഇംഗ്ലീഷ്) ലിപിയിൽ എഴുതിത്തുടങ്ങണമെന്ന് ആവശ്യപ്പെടുന്ന ഒരു പ്രക്ഷോഭണം 1974–75–ൽ ഏതാനും ബോഡോകൾ ആരംഭിച്ചു. ബോഡോഭാഷയ്ക്ക് ദേവനാഗരി (ഹിന്ദി–മറാഠി–

സംസ്കൃതം ലിപി) ഉപയോഗപ്പെടുത്തിക്കൊണ്ട് അന്ന് അസമിൽ നിലവിലിരുന്ന കോൺഗ്രസ് ഗവൺമെൻറ് ഈ പ്രക്ഷോഭണത്തെ നേരിട്ടു.

അടിയന്തരാവസ്ഥക്കാലത്ത് ബോഡോ നേതാക്കൾ നിഷ്ക്രിയരായിരുന്നു. അടിയന്തരാവസ്ഥയ്ക്കുശേഷം അസമിൽ ജനതാപാർട്ടിയുടെ ഭരണം വന്നപ്പോൾ പി. ടി. സി. എ. നേതാവായ സമർബ്രഹ്മചൗധരി ഒരു മന്ത്രിയായി. മറ്റൊരു പി. ടി. സി. എ. നേതാവായ ചരൺനർസറി പാർലമെൻറിലേക്കു തിരഞ്ഞെടുക്കപ്പെടുകയുംചെയ്തു. ഇതോടെ ബോഡോകൾക്ക് ഒരു വ്യത്യസ്ത സംസ്ഥാനമോ കേന്ദ്രഭരണപ്രദേശമോ വേണമെന്ന വാദം ആരും ഉന്നയിക്കാതായി. താമസിയാതെ പി. ടി. സി. എ. രണ്ടായി പിളർന്നു. ഇതിലൊരു വിഭാഗമായ 'പുരോഗമന പി. ടി. സി. എ.' യുമായി യോജിച്ച് അഖില ബോഡോ വിദ്യാർത്ഥിസംഘടന (എ. ബി. എസ്. യു.) 1980–ൽ ഇന്ദിരാഗാന്ധിക്കു സമർപ്പിച്ച നിവേദനത്തിൽ 'മിഷിങ് ബോഡോലാൻഡ്' എന്ന പേരിൽ ഒരു കേന്ദ്രഭരണപ്രദേശം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ബോഡോകളെപ്പോലെ ബ്രഹ്മപുത്ര താഴ്വരപ്രദേശത്തു താമസിക്കുന്ന ഒരു ഗോത്രവർഗമാണ് മിഷിങ്ങുകൾ.

അസമിൽ അനധികൃതമായി കുടിയേറിയവരെ അവിടെനിന്നു പറഞ്ഞയയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അഖില അസം വിദ്യാർത്ഥി യൂനിയൻ(എ.എ.എസ്. യു.) 1979–ൽ ആരംഭിച്ച ജനകീയ–നിസ്സഹകരണ–സമരത്തിൽ ബോഡോകളുടെ പ്രക്ഷോഭണം തൽക്കാലത്തേക്കു മുങ്ങിപ്പോയി. ഈ ജനകീയ സമരത്തിൽ പ്രേംസിംഹ് ബ്രഹ്മയെപ്പോലുള്ള ചില ബോഡോ യുവജനനേതാക്കളും പങ്കെടുത്തിരുന്നു. ശ്രീ ബ്രഹ്മ ഇപ്പോൾ ബോഡോ വിദ്യാർത്ഥിയൂനിയന്റെ ഒരു പ്രമുഖ നേതാവാണ്. 1985 ആഗസ്റ്റ് 15–ാം തീയതി പ്രധാനമന്ത്രി രാജീവ്ഗാന്ധി അസംസമരനേതാക്കളുമായി ഒരു ഒത്തുതീർപ്പുണ്ടാക്കി; തുടർന്നു നടന്ന തിരഞ്ഞെടുപ്പിലൂടെ സമരനേതാക്കൾ(അസം ഗണ പരിഷത്ത് പാർട്ടി) അസമിൽ അധികാരത്തിൽ വരികയുംചെയ്തു.

1984–ൽ പുരോഗമന–പി. ടി. സി. എ. ദറാങ് ജില്ലയിലെ ഉദഗുൽരി എന്ന സ്ഥലത്തു യോഗം ചേർന്നു, 'ഐക്യ–ഗോത്രവർഗ–ദേശീയ വിമോചന മുന്നണി' (യുണൈറ്റഡ് ട്രൈബൽ നാഷണലിസ്റ്റ് ലിബറേഷൻ ഫ്രണ്ട്–യു. ടി. എൻ. എൽ. എഫ്.) രൂപവത്കരിച്ചു. മററു ഗോത്രവർഗക്കാരുടെകൂടി പിൻതുണ നേടാനായി ഇവർ, തങ്ങളുടെ ലക്ഷ്യം ഒരു 'ഗോത്രവർഗമാതൃഭൂമി' (ട്രൈബൽ ഹോം ലാൻഡ്) നേടിയെടുക്കുകയാണെന്നു പ്രഖ്യാപിച്ചു. ഇവർ പല കുറി പ്രധാനമന്ത്രി രാജീവ്ഗാന്ധിയെ സന്ദർശിച്ചു; ഇവരുടെ ആവശ്യം അനുഭാവപൂർവം പരിഗണിക്കാമെന്ന് രാജീവ്ഗാന്ധി ഇവർക്ക് ഉറപ്പുകൊടുക്കുകയുംചെയ്തു.

1986–ൽ ശ്രീ ഉപേന്ദ്രനാഥ് ബ്രഹ്മ അഖില ബോഡോ വിദ്യാർത്ഥി യൂനിയന്റെ (എ. ബി. എസ്. യു.) അദ്ധ്യക്ഷനായി. ബ്രഹ്മ എഴുതിയ 'വേറിട്ടൊരു സംസ്ഥാനം എന്തിനു്?' എന്ന ലഘുലേഖ ബോഡോകൾക്കിടയിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. മേൽജാതിക്കാരായ അസംകാരിൽനിന്നു ഗോത്രവർഗക്കാർ അനുഭവിക്കുന്ന മർദനത്തെപ്പററി ഇതിൽ വിസ്തരിച്ചു വിവരിച്ചിരുന്നു. 'അസമിലെ ഗോസ്വാമിബ്രാഹ്മണർ തങ്ങളുടെ പെൺകുട്ടികളെ ഏതെങ്കിലും ഗോത്രവർഗത്തിലെ യുവാവിനു വിവാഹംകഴിച്ചുകൊടുക്കുമോ?' എന്ന ബ്രഹ്മയുടെ ചോദ്യം ബോഡോകളുടെ ഉള്ളിൽ തറച്ചു. ഒരു വ്യത്യസ്ത സംസ്ഥാനത്തിനുവേണ്ടി ആരംഭിച്ച പ്രസ്ഥാനത്തെ ജാതിഹിന്ദുക്കൾക്കെതിരായ ഗോത്രവർഗക്കാരുടെ സമരമെന്ന നിലയിൽ ശക്തിപ്പെടുത്താൻ ഈ വിദ്യാർത്ഥിനേതാവിനു കഴിഞ്ഞു.

അസമിലെ ഉയർന്ന ജാതിക്കാരായ അസമിയക്കാർക്കും ബംഗാളികൾക്കും ബോഡോകളുടെ പ്രക്ഷോഭണത്തോടു പുച്ഛമായിരുന്നു. പുതിയ (അസം ഗണ പരിഷത്തിൻേറതായ) അസം ഗവൺമെൻറ് ഒരു നിയമ–സമാധാന–പ്രശ്നമായേ

ഈ പ്രക്ഷോഭണത്തെ കണ്ടുള്ളു. അവർ രാഷ്ട്രീയമായ പരിഹാരം ഈ പ്രശ്നത്തിന് നിർദേശിച്ചില്ല. ബോഡോസമരം അക്രമാസക്തമായപ്പോൾ, അസം ഗവണ്മെൻറ് പോലീസിനെ അഴിച്ചുവിട്ടു. കോക്രഝാർ ജില്ലയിലും ദറാങ് ജില്ലയിലെ ഉദൽഗുരി സബ്ഡിവിഷനിലും നിർദോഷരായ ഒട്ടേറെ ബോഡോകൾ പോലീസ് വെടിവെപ്പുകളിൽ മരിച്ചുപോയി. പക്ഷേ, ബോഡോകളുടെ സമരവീര്യം വർദ്ധിപ്പിക്കാനേ ഈ മർദനം ഉതകിയുള്ളു. പഞ്ചാബിൽ ഭീകരപ്രവർത്തകരെ അമർച്ചചെയ്യാൻ പാർലമെൻറ് പാസ്സാക്കിയ നിയമം (ഭീകര–വിഘടനപ്രവർത്തന–നിരോധനിയമം—ടി. ഡി. എ. ആക്ട്) അസം ഗവണ്മെൻറ് ബോഡോകൾക്ക് എതിരെ പ്രയോഗിച്ചു എന്നതിൽനിന്നുതന്നെ ബോഡോപ്രക്ഷോഭണത്തിൻെറ രൂക്ഷത ഊഹിക്കാവുന്നതേയുള്ളു.

അസമിലെ മുഖ്യമന്ത്രി പ്രഫുല്ലകുമാർ മഹന്ത 1988 ജൂൺമാസത്തിൽ ബോഡോവിദ്യാർത്ഥിനേതാക്കളുമായി ചർച്ചകൾ ആരംഭിച്ചു. തങ്ങളുടെ തൊണ്ണൂററിരണ്ട് ആവശ്യങ്ങൾ ഈ ചർച്ചകളിൽ ബോഡോകൾ ഉന്നയിച്ചു. ഈ ആവശ്യങ്ങളിൽ ഏറെയും വിദ്യാഭ്യാസപരങ്ങളും സാമൂഹ്യങ്ങളുമായിരുന്നു. ചർച്ചകൾ വിജയിച്ചില്ല തുടർന്നു ബന്ദുകളും ബഹിഷ്കരണങ്ങളും അടക്കമുള്ള പ്രക്ഷോഭണങ്ങൾ ബോഡോകൾ ശക്തിപ്പെടുത്തി. കൂടുതൽ ബോഡോകൾ പോലീസ് വെടിവെപ്പുകളിൽ മരിച്ചു. 1989 ഫെബ്രുവരി 16–ാം തീയതി ആരംഭിച്ചതും 120 മണിക്കൂർ നീണ്ടുനിന്നതുമായ ബന്ദിനെത്തുടർന്നു പോലീസിനും സർക്കാർ ഉദ്യോഗസ്ഥന്മാർക്കും മററും എതിരെ വ്യാപകങ്ങളായ അക്രമപ്രവർത്തനങ്ങൾ നടന്നു. നീണ്ട ഒരു സായുധകലാപത്തിന് ബോഡോകൾ തയ്യാറെടുത്തിരിക്കുകയാണെന്നു വ്യക്തമായി. പോലീസും ബോഡോഭീകരരും തമ്മിൽ ഒരു അപ്രഖ്യാപിതയുദ്ധം ഇപ്പോൾ കോക്രഝാർ ജില്ലയിലും ദറാങ്ജില്ലയിലെ ഉദൽഗുരി സബ്ഡിവിഷനിലും നടന്നുവരികയാണ്. അസം ഗവണ്മെൻറ് എല്ലാ ബോഡോകളെയും സംശയദൃഷ്ടിയോടെ നോക്കാൻ തുടങ്ങിയിരിക്കുന്നു.

1988 ഡിസംബർമാസത്തിൽ ധൂബ്രി ജില്ലയിലെ ബാഷ്ബാരി എന്ന സ്ഥലത്തു ചേർന്ന യോഗത്തിൽ മൂന്നു രാഷ്ട്രീയാവശ്യങ്ങൾ അഖില ബോഡോ വിദ്യാർത്ഥി യൂനിയൻ മുന്നോട്ടുവച്ചിട്ടുണ്ട്. 1. ബോഡോലാൻഡ് എന്ന പേരിൽ ബ്രഹ്മപുത്രയുടെ വടക്കേക്കരയിൽ ഒരു പ്രത്യേക സംസ്ഥാനം ഉണ്ടാക്കുക 2. ബ്രഹ്മപുത്രയുടെ തെക്കേക്കരയിൽ 'നീലാചൽ' എന്ന പേരിൽ ഒരു സ്വയം ശാസിത–ജില്ലാ–കൗൺസിൽ സ്ഥാപിക്കുക 3. കുന്നുകളിൽ പാർക്കുന്ന ബോഡോകൾക്ക ഭരണഘടനയുടെ ആറാം പട്ടിക (അസം, മേഘാലയ, ത്രിപുര, മിസോറം എന്നിവിടങ്ങളിലെ ഗോത്രവർഗ പ്രദേശഭരണം സംബന്ധിച്ച വ്യവസ്ഥകളാണ് ഈ പട്ടികയിൽ) ബാധകമാക്കുക എന്നിവയാണ് ഈ ആവശ്യങ്ങൾ.

അസമിലെ സംസ്ഥാന ഗവണ്മെൻറിനെതിരെ ബോഡോകളെ കേന്ദ്ര ഗവണ്മെൻറ് ഇളക്കിവിടുകയാണെന്ന് ആക്ഷേപമുണ്ട്. ബംഗാളിലെ മാർക്സിസ്റ്റ് പാർട്ടി ഗവണ്മെൻറിനെതിരെ ഗോർഖാലാൻഡ് പ്രക്ഷോഭകാരികളെ കേന്ദ്ര ഗവണ്മെൻറ് പ്രോത്സാഹിപ്പിച്ചിരുന്നുവെന്ന ആക്ഷേപം നാം കേട്ടതാണല്ലോ. ബോഡോ പ്രക്ഷോഭണം വ്യാപകമാകുന്നതോടെ, വേറെയും പല ഗോത്രവർഗക്കാരും അതിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. മുസ്ലിങ്ങൾ ഈ വഴക്കിൽ പോലീസ്സിൻെറ ഭാഗത്തു ചേർന്ന് ബോഡോകൾക്കെതിരെ അക്രമം നടത്തുന്നതായും പരാതിയുണ്ട്. പ്രക്ഷോഭണം വ്യാപകമായ കലാപമായി മാറുംമുമ്പ്, ബോഡോകളുടെ ന്യായമായ ആവശ്യങ്ങൾ അനുവദിച്ച്, ഏറെക്കുറെ അരക്ഷിതമായ ഉത്തര–പൂർവ–പ്രദേശത്തു സമാധാനം നിലവിൽ വരുത്തേണ്ടത് ഇന്ത്യയുടെ ഉത്തമതാല്പര്യത്തിന് അനുപേക്ഷണീയമാണ്. ഇക്കാര്യത്തിൽ മുൻകൈ ഉണ്ടാവേണ്ടത് അസം ഗവൺമെൻറിൻെറ ഭാഗത്തുനിന്നാകുന്നു.

21 ഏപ്രിൽ, 1989